"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം- പോലീസ് വകുപ്പിൽ 20 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(കെ)വകുപ്പ്**

സ.ഉ.(കൈ) നം.35/2026/HOME തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:-

1. 17.01.2017-ലെ സ.ഉ.(കൈ).നം7/2017/ആഭ്യന്തരം
2. 12.03.2024-ലെ സ.ഉ.(കൈ).നം.75/2024/ആഭ്യന്തരം
3. സംസ്ഥാന പോലീസ് മേധാവിയുടെ 25.08.2025-ലെ എസ്1(എ)-134987/2025/പിഎച്ച്ക്യൂ കത്ത്

**<u>ഉത്തരവ്</u>**

പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ 1160 തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതിന്റെ ഭാഗമായി പരാമർശം 1 ഉത്തരവ് പ്രകാരം 400 തസ്തികകൾ സൃഷ്ടിച്ചിരുന്നു. രണ്ടാം ഘട്ടമായി ബാക്കിയുള്ള 760 തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് തസ്തികകളുടെ ആവശ്യകത സംബന്ധിച്ച് സർക്കാർ പ്രവർത്തിപഠനം നടത്തുകയും പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ 760 തസ്തികകൾ അധികമായി അനുവദിക്കേണ്ടതാണെന്നുള്ള ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ പ്രവർത്തിപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന 2 ഉത്തരവ് പ്രകാരം , 2023-24 സാമ്പത്തിക വർഷത്തിൽ ആദ്യ ഘട്ടമായി 190 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചിരുന്നു.

2.പോലീസ് വകുപ്പിലെ വാഹനങ്ങളുടെ എണ്ണം വർഷം തോറും വർദ്ധിച്ചുവരുന്നുവെന്നും അതിനാൽ, വകുപ്പിലെ വാഹനങ്ങളുടെ എണ്ണവും ഡ്യൂട്ടിയുടെ സ്വഭാവവും കണക്കിലെടുക്കുമ്പോൾ നിലവിലുള്ള ഡ്രൈവർമാരുടെ അംഗബലം അപര്യാപ്തമാണെന്നും പോലീസ് സ്റ്റേഷനുകൾ, കണ്ട്രോൾ റൂമുകൾ, എസ്.ഡി.പി.ഓ, ഹൈവേപട്രോൾ, പോലീസ് ക്യാമ്പുകൾ എന്നിവിടങ്ങളിൽ 24 മണിക്കൂറും ഡ്രൈവർമാരുടെ സേവനം അത്യാവശ്യമാണെന്നും പട്രോളിങ്ങ് ആവശ്യത്തിനുള്ള വാഹനങ്ങളിലെ ഡ്രൈവർമാർക്ക് ഡ്യൂട്ടിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ മുഴുവൻ സമയവും വാഹനം ഓടിക്കേണ്ട അവസ്ഥയാണുള്ളതെന്നും ഡ്രൈവിംഗ് സംബന്ധമായ ജോലികൾ നിർവഹിക്കുന്നതിന് ഡ്രൈവർമാരുടെ അഭാവമുണ്ടെന്നും അതിനാൽ 190 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ കൂടി സൃഷ്ടിക്കുന്നതിനായി പരാമർശം 3 പ്രകാരം സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ അനിവാര്യമായതിനാൽ, 20 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എഇ /ആഡിറ്റ്), തിരുവനന്തപുരം.

ധനകാര്യ,വകുപ്പ് (104020 : EXP-A3/393/2015-FIN dated:06-01-2026പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (18.02.2026- ലെ ഇനം നമ്പർ 3685)

ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
Date: 20-02-2026 14:57:24

സെക്ഷൻ ഓഫീസർ

പകർപ്പ്:-1 ) ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2) ചീഫ് സെക്രട്ടറിയുടെ പി.എസ് ന്

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-02-2026

ഫയൽ നം. കെ1/197/2025/ആഭ്യന്തരം.　　　　ഇനം നം: 3685

വിഷയം : ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പിൽ 20 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

SO(K)
19/2/26

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
19 FEB 2026

3685

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | **കെ1/197/2025/ആഭ്യന്തരം** |
| 2. വകുപ്പ് | **ആഭ്യന്തര(കെ) വകുപ്പ്** |
| 3. വിഷയം | **പോലീസ് വകുപ്പിൽ 20 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്നത്- സംബന്ധിച്ച്.** |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | **03.02.2026** |
| 5.(i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ?<br>(ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **അതെ**<br>**അതെ** |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഇല്ല** |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | **ശ്രീമതി. രശ്മി.എ.ആർ** |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | **ശ്രീ.ബിശ്വനാഥ് സിൻഹ** |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | **10.02.2026** |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | **ഡോ.എ.ജയതിലക്** |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | **12.02.2026** |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | **ശ്രീ. പിണറായി വിജയൻ** |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | **13.02.2026** |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | **16.02.2026** |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

പോലീസ് വകുപ്പിൽ 20 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്നതിന് മന്ത്രിസഭയുടെ അനുമതി തേടികൊണ്ടുള്ളതാണ് ഈ കുറിപ്പ്.

2. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ 1160 തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതിന്റെ ഭാഗമായി 17.01.2017-ലെ G.O.(Ms)No.7/2017/ ആഭ്യന്തരം പ്രകാരം 400 തസ്തികകൾ സൃഷ്ടിച്ചിരുന്നു. രണ്ടാം ഘട്ടമായി ബാക്കിയുള്ള 760 തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് തസ്തികകളുടെ ആവശ്യകത സംബന്ധിച്ച് സർക്കാർ പ്രവർത്തിപഠനം നടത്തുകയും പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ 760 തസ്തികകൾ അധികമായി അനുവദിക്കേണ്ടതാണെന്ന് 24/07/2023 -ലെ എ.ആർ.5-1/35/2021/ഉ.ഭ.പ.വ നമ്പർ കത്ത് പ്രകാരമുള്ള പ്രവർത്തിപഠന റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളതാണ്. ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ ടി പ്രവർത്തിപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 12/03/2024 -ലെ G.O(Ms).No.75/2024/ആഭ്യന്തരം പ്രകാരം , പോലീസ് വകുപ്പിൽ 760 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകളുടെ കുറവ് പരിഗണിച്ച് 2023-24 സാമ്പത്തിക വർഷത്തിൽ ആദ്യ ഘട്ടമായി 190 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചിരുന്നു.

3. പോലീസ് വകുപ്പിലെ വാഹനങ്ങളുടെ എണ്ണം വർഷം തോറും വർദ്ധിച്ചുവരുന്നു. ആയതിനാൽ, വകുപ്പിലെ വാഹനങ്ങളുടെ എണ്ണവും ഡ്യൂട്ടിയുടെ സ്വഭാവവും കണക്കിലെടുക്കുമ്പോൾ നിലവിലുള്ള ഡ്രൈവർമാരുടെ അംഗബലം അപര്യാപ്തമാണ്. പോലീസ് വകുപ്പിൽ നിലവിലുള്ള ഡ്രൈവർ തസ്തികകളിലെ നിലവിലെ അംഗബലം ചുവടെ ചേർക്കുന്നു.

- പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ - 3136
- ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർ - 120
- അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഡ്രൈവർ-20
- സബ് ഇൻസ്പെക്ടർ ഡ്രൈവർ - 20
- ഇൻസ്പെക്ടർ (മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർ)- 20.

4. മേൽ സൂചിപ്പിച്ച ഡ്രൈവർ വിഭാഗത്തിന്റെ ആകെ അംഗബലത്തിൽ ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർ വരെയുള്ള തസ്തികകളിലെ ഉദ്യോഗസ്ഥരാണ് സാധാരണയായി ഡ്രൈവിംഗ് ഡ്യൂട്ടികൾ ചെയ്തുവരുന്നത്. അതായത്, ഡ്രൈവിംഗ് സംബന്ധമായ ജോലികൾ നിർവഹിക്കുന്നതിന് ആകെ 3256 ഡ്രൈവർമാരുടെ

സേവനം മാത്രമാണ് ലഭ്യമാകുന്നത്. പോലീസ് സ്റ്റേഷനുകൾ, കണ്ട്രോൾ റൂമുകൾ, എസ്.ഡി.പി.ഓ, ഹൈവേപട്രോൾ, പോലീസ് ക്യാമ്പുകൾ എന്നിവിടങ്ങളിൽ 24 മണിക്കൂറും ഡ്രൈവർമാരുടെ സേവനം അത്യാവശ്യമാണ്. മാത്രമല്ല, പട്രോളിങ്ങ് ആവശ്യത്തിനുള്ള വാഹനങ്ങളിലെ ഡ്രൈവർമാർക്ക് ഡ്യൂട്ടിയിൽ പ്രവേശിച്ച് കഴിഞ്ഞാൽ മുഴുവൻ സമയവും വാഹനം ഓടിക്കേണ്ട അവസ്ഥയാണുള്ളത്. ആയതിനാൽ, പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ വിഭാഗത്തിന്റെ അംഗബലം വർദ്ധിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

5. ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ പ്രവർത്തിപഠന റിപ്പോർട്ട് പ്രകാരം, 2023-24 സാമ്പത്തിക വർഷത്തിൽ ആദ്യ ഘട്ടമായി അനുവദിച്ച 190 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകളുടെ ബാക്കിയായി അവശേഷിക്കുന്ന 570 തസ്തികകൾ കൂടി ഘട്ടം ഘട്ടമായി സൃഷ്ടിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ആയതിനാൽ, അടുത്ത ഘട്ടമായി 190 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ കൂടി സൃഷ്ടിക്കുന്നതിനായി പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

6. 190 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുകയും ചുവടെ ചേർക്കും പ്രകാരം അഭിപ്രായം അറിയിക്കുകയുണ്ടായി;

" ***Administrative Department's proposal is deferred for better times.***"

7. ധനകാര്യവകുപ്പിന്റെ അഭിപ്രായം സംസ്ഥാന പോലീസ് മേധാവിയെ അറിയിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ " ***വകുപ്പിൽ പോലീസ് ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. പോലീസ് വാഹനം വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട സ്റ്റേഷനുകളിൽ പോലും വാഹനം പോലീസ് കോൺസ്റ്റബിൾ കൈകാര്യം ചെയ്യുന്ന രീതിയാണ്. അത്തരം രീതി തുടരുന്നത് ഉചിതവുമല്ല. കുറച്ച് തസ്തിക എങ്കിലും കൂടി സൃഷ്ടിക്കേണ്ടത് ആവശ്യമാണ്. ധനകാര്യ വകുപ്പ് മന്ത്രി കാണുക.*** " എന്ന നിർദേശം രേഖപ്പെടുത്തി ബഹു.മുഖ്യമന്ത്രി ഫയൽ ബഹു. ധനകാര്യവകുപ്പ് മന്ത്രിയ്ക്ക് നല്കിയിരുന്നു.

8. തുടർന്ന് " ***പോലീസ് വകുപ്പിൽ നിലവിലുള്ള ഡ്രൈവർ തസ്തികകളിലെ അനുവദനീയ അംഗബലം 3316 ആണെങ്കിലും ഡ്രൈവിംഗ് സംബന്ധമായ ജോലികൾ നിർവഹിക്കുന്നതിന് ആകെ 3256 ഡ്രൈവർമാരുടെ സേവനം***

***മാത്രമാണ് ലഭ്യമാകുന്നത് എന്നാണ് ഭരണ വകുപ്പ് ഫയലിൽ അറിയിച്ചിരിക്കുന്നത്. പ്രസ്തുത സാഹചര്യത്തിൽ 60 തസ്തികകളുടെ കുറവ് മാത്രമാണ് കാണുന്നത്. ആയതിന്റെ മൂന്നിലൊന്നായ 20 തസ്തികകൾ ഇപ്പോൾ അനുവദിക്കാവുന്നതും ബാക്കി 40 തസ്തികകൾ, അല്ലെങ്കിൽ വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ആവശ്യമുള്ള തസ്തികകൾ കേന്ദ്ര ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് വന്നതിനു ശേഷം ആയത് അനുസരിച്ചുള്ള വിഭവ ലഭ്യത കൂടി കണക്കാക്കി സൃഷ്ടിക്കുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണ്. ബഹു. മുഖ്യമന്ത്രി കണ്ടാലും*** " എന്ന് ധനകാര്യവകുപ്പിന്റെ EXP-A3/393/2015-FIN ഫയലിലെ നോട്ട് 141-ൽ ബഹു.ധനകാര്യവകുപ്പ് മന്ത്രി അഭിപ്രായം രേഖപ്പെടുത്തി ബഹു. മുഖ്യമന്ത്രിയ്ക്ക് ഫയൽ മടക്കി നല്കുകയും പ്രസ്തുത ഫയലിൽ ബഹു. മുഖ്യമന്ത്രി ഇപ്രകാരം ഉത്തരവാകുകയും ചെയ്തു.

" ***അംഗീകരിച്ചു. മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക*** ".

മേൽ പരാമർശിച്ച ഉത്തരവ് സഹിതം ധനകാര്യവകുപ്പിൽ നിന്നും ഫയൽ തിരികെ ആഭ്യന്തര വകുപ്പിലേയ്ക്ക് മടക്കുകയുണ്ടായി.

9. ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി 20 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തികബാധ്യത സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭ്യമാക്കുകയുണ്ടായി . ആയത് ചുവടെ ചേർക്കും പ്രകാരമാണ്

| Name of Post | No. of Post. | Pay | DA | HRA | Other Allowances | Total for a Month | Total for one year | Uniform Allowance | Total |
|---|---|---|---|---|---|---|---|---|---|
| PC DVR | 20 | 31,100 | 6,842 | 3,110 | 940 | 8,39,840 | 1,00,78,080 | 1,10,000 | 1,01,88,080 |

**<u>തീരുമാനിക്കേണ്ട സംഗതി</u>**

പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ അനിവാര്യമായതിനാൽ, 20 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കാമോ ?